15641
10/8/18



കേരള സർക്കാർ

നം.സി2/245/2018/ഐ&പിആർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(സി) വകുപ്പ്
തിരുവനന്തപുരം. തീയതി 10/08/2018

## ഓണം ഫ്ലോട്ട്- ഡിസൈൻ ക്ഷണിക്കുന്നു

സംസ്ഥാനസർക്കാരിന്റെ ഈവർഷത്തെ ഓണം വാരാഘോഷത്തോടനുബന്ധിച്ച് 2018 ആഗസ്റ്റ് 30-ന് നടക്കുന്ന സമാപനഘോഷയാത്രയിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് വേണ്ടി ചുവടെപ്പറയുന്ന വിഷയത്തെ/തീമിനെ അടിസ്ഥാനമാക്കി ഫ്ലോട്ട് തയ്യാറാക്കുന്നതിന് താല്പര്യമുള്ള ഏജൻസികളിൽ/വ്യക്തികളിൽ നിന്ന് ഡിസൈനുകൾ ക്ഷണിക്കുന്നു.

1. നിപാ രോഗത്തെ പ്രതിരോധിച്ചത്.

2. ഗാന്ധിജിയും ശ്രീ നാരായണ ഗുരുവുമായുള്ള കൂടിക്കാഴ്ച

3. കേരളം ഭരണമികവിൽ

ഒരു വ്യക്തിക്ക്/ഏജൻസിക്ക് ഒന്നിലധികം ഡിസൈനുകൾ സമർപ്പിക്കാവുന്നതാണ്. വകുപ്പ് തെരഞ്ഞെടുക്കുന്ന ഡിസൈൻ സമർപ്പിച്ചവർ തന്നെ ഫ്ലോട്ടിന്റെ ഫാബ്രിക്കേഷൻ വർക്കും (3 D മോഡൽ) നിർവഹിക്കേണ്ടതാണ്. ഇതിന്റെ ചെലവ് വകുപ്പ് വഹിക്കുന്നതാണ്. ഒറിജിനൽ കളറിൽ തന്നെയാകണം ഡിസൈനുകൾ സമർപ്പിക്കേണ്ടത്. ഡിസൈന്റെ യഥാർത്ഥ വലിപ്പം 18 അടി നീളം 10 അടി വീതി എന്ന അളവിൽ കവിയരുത്. തീം നോട്ടം ബജറ്റ് തുകയും ഡിസൈനൊപ്പം രേഖാമൂലം സമർപ്പിക്കേണ്ടതാണ്.

ഡിസൈനുകൾ സമർപ്പിക്കുന്നതിനുള്ള അവസാനതീയതി 16.08.2018, സമയം ഉച്ചക്ക് 2 മണി. അയയ്ക്കേണ്ട വിലാസം: ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സൗത്ത് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

സുഭാഷ് ടി വി
ഡയറക്ടർ